ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:26.03.2025**

## പ്രധാനവാർത്തകൾ

1) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിനായി കേന്ദ്ര സർക്കാരിൽ നിന്നും 818 കോടി രൂപ സ്വീകരിക്കാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം.
2) വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള പുനരധിവാസ ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും
3) സംസ്ഥാനത്ത് എസ് എസ് എൽ സി, രണ്ടാം വർഷ ഹയർ സെക്കൻററി പരീക്ഷകൾ പൂർത്തിയായി.
4) സമ്പൂർണ മാലിന്യമുക്തമായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം സംസ്ഥാനമെങ്ങും ഈ മാസം 30 നടക്കുമെന്ന് മന്ത്രി എം.ബി രാജേഷ്.
5) ലഹരി ഉപയോഗിക്കില്ലെന്ന സത്യവാങ്മൂലം വിദ്യാർത്ഥികൾക്ക് നിർബന്ധമാക്കാനൊരുങ്ങി കേരള സർവ്വകലാശാല.
6) സൗഹൃദ മത്സരത്തിനായി ഫുട്ബോൾ ഇതിഹാസം മെസ്സി ഉൾപ്പെടുന്ന അർജൻറീന ടീം ഒക്ടോബറിൽ കേരളത്തിലെത്തും

&&&&&&&&&&&&&&&&&&

RNU TVPM

## വിഴിഞ്ഞം - മന്ത്രിസഭാ യോഗം

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിനായി കേന്ദ്ര സർക്കാരിൽ നിന്നും 817.8 കോടി രൂപ സ്വീകരിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. നെറ്റ് പ്രസൻറ് വാല്യു വ്യവസ്ഥയിൽ തുക സംസ്ഥാന സർക്കാർ തിരിച്ചടക്കണമെന്നാണ് കേന്ദ്ര നിർദ്ദേശം. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ വികസനത്തിനായി, 271 കോടി രൂപയുടെ പദ്ധതിക്കും സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി. പുതിയ മത്സ്യബന്ധന തുറമുഖം വികസിപ്പിക്കുന്നതിനും, നിലവിലുള്ള തുറമുഖത്തിൻറെ ബ്രേക്ക് വാട്ടർ നിർമ്മാണത്തിനും രണ്ടു പാക്കേജുകളായാണ് പദ്ധതി നടപ്പാക്കുന്നത്. . സംസ്ഥാനത്തെ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട സമഗ്ര മാർഗ്ഗരേഖയായ 'കേരള സെക്യുറൽ സൈബർ ക്രൈസിസ് മാനേജ്മെൻറ് പ്ലാനും' മന്ത്രിസഭ അംഗീകരിച്ചു. ആശ്രിത നിയമന വ്യവസ്ഥകൾ പരിഷ്ക്കരിക്കാനും ഇന്ന് ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## വയനാട്

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്കുള്ള പുനരധിവാസ

ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള പ്ലോട്ടുകളിലാണ്, ഒറ്റനിലയായി വീടുകൾ നിർമിക്കുക. പൊതുസ്ഥാപനങ്ങൾ, വ്യാപാര സൗകര്യങ്ങൾ എന്നിവയും ടൗൺഷിപ്പിൽ ഒരുക്കുന്നുണ്ട്. ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമാണ പ്രവൃത്തികൾ നിർവഹിക്കുന്നത്. പുനരധിവാസത്തിനുള്ള അന്തിമ പട്ടികയിൽ 402 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## വയനാട് കോടതി

വയനാട് ദുരന്തബാധിതരുടെ വായ്പാ തുക, പുതിയ വായ്പയായി കണക്കാക്കി ഒരു വർഷത്തെ മോറട്ടോറിയം അനുവദിക്കാമെന്ന കേന്ദ്ര നിർദ്ദേശത്തോട് വിയോജിച്ച് ഹൈക്കോടതി. വായ്പ എഴുതി തള്ളുകയാണ് വേണ്ടതെന്ന് കേന്ദ്രസർക്കാരിനോട് ഡിവിഷൻ ബഞ്ച് വ്യക്തമാക്കി. ഇക്കാര്യത്തിൽ സത്യവാങ്മൂലം സമർപ്പിക്കാനും കോടതി നിർദ്ദേശിച്ചു. പുനരധിവാസ പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകൾക്കുള്ള പണം ഈ മാസം 31-നകം കൈമാറണം. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു ഹൈക്കോടതി.

RNU TVPM

&&&&&&&&&&&&&&&&&&&

## പാർലമെൻറ്

ബാങ്കിങ്ങ് നിയമ ഭേദഗതി ബിൽ രാജ്യസഭ ഇന്ന് പരിഗണിച്ചു. ബാങ്ക് അക്കൗണ്ട് നോമിനികളുടെ എണ്ണം ഒന്നിൽ നിന്നും നാലായി ഉയർത്തുന്നത് ഉൾപ്പെടെയുള്ള പരിഷ്കാരങ്ങളാണ് ബിൽ മുന്നോട്ട് വയ്ക്കുന്നത്. ബാങ്കുകളുടെ ഭരണനിർവഹണം സുഗമമാക്കുന്നതിന് ബിൽ സഹായിക്കുമെന്നും ചർച്ചയിൽ പങ്കെടുത്ത് ഭരണപക്ഷ എംപിമാർ പറഞ്ഞു. ത്രിഭുവൻ സഹകാരി സർവകലാശാല ബില്ലും ലോക്സഭ ഇന്ന് പരിഗണിച്ചു.

&&&&&&&&&&&&&&&&&&&

## എസ് എസ് എൽ സി പരീക്ഷ

സംസ്ഥാനത്ത് ഈ വർഷത്തെ എസ് എസ് എൽ സി, രണ്ടാം വർഷ ഹയർ സെക്കൻററി പരീക്ഷകൾ ഇന്ന് അവസാനിച്ചു. കേരളത്തിലെ 2,964 കേന്ദ്രങ്ങളിലും ലക്ഷദ്വീപിലെ 9 കേന്ദ്രങ്ങളിലും ഗൾഫ് മേഖലയിലെ 7 കേന്ദ്രങ്ങളിലുമായി 4 ലക്ഷത്തി 27,000 ലധികം വിദ്യാർത്ഥികളാണ് റെഗുലർ വിഭാഗത്തിൽ ഇത്തവണ എസ് എസ് എൽ സി പരീക്ഷ എഴുതിയത്. ഉത്തരക്കടലസുകളുടെ മൂല്യനിർണയം അടുത്ത മാസം

RNUTVPM

മൂന്നു മുതൽ ആരംഭിക്കും. THSLC, AHSLC, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷകളും ഇന്ന് അവസാനിച്ചു.

&&&&&&&&&&&&&&&&&&

**എം ബി രാജേഷ് – ഇൻട്രോ**

സമ്പൂർണ മാലിന്യമുക്തമായ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം ഈ മാസം 30 ന് സംസ്ഥാനമെങ്ങും നടക്കുമെന്ന് മന്ത്രി എം.ബി രാജേഷ്. ഇതുവരെ 8,337 മാലിന്യമുക്ത വാർഡുകളുടെ പ്രഖ്യാപനമാണ് പൂർത്തിയായത്. 126 ഗ്രാമപഞ്ചായത്തുകളും 13 മുൻസിപ്പാലിറ്റികളും മാലിന്യമുക്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളായിട്ടുണ്ട്. അവശേഷിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഈ ലക്ഷ്യം കൈവരിക്കാനുള്ള അവസാനവട്ട ശ്രമത്തിലാണെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

**ശാരദ മുരളീധരൻ**

നിറത്തിൻറെ പേരിൽ അധിക്ഷേപം നേരിട്ടതായി ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ. തൻറേയും, ഭർത്താവും മുൻ

RNU TVPM

ചീഫ് സെക്രട്ടറിയുമായ വേണുവിൻറേയും നിറവ്യത്യാസത്തെ

സൂചിപ്പിച്ച്, തൻറെ പ്രവർത്തനം കറുപ്പാണെന്ന മട്ടിൽ അധിക്ഷേപ പരാമർശം ഉണ്ടായെന്നാണ് ചീഫ് സെക്രട്ടറി സമൂഹ മാധ്യമത്തിൽ കുറിച്ചത്. ചീഫ് സെക്രട്ടറിയായി ചുമതല ഏറ്റെടുത്തത് മുതൽ ഈ താരതമ്യം നേരിടേണ്ടിവന്നുവെന്നും ശ്രീമതി ശാരദാ മുരളീധരൻ പ്രതികരിച്ചു. വിഷയത്തിൽ ചീഫ് സെക്രട്ടറിയ്ക്ക് പിന്തുണയുമായി മന്ത്രിമാരുൾപ്പെടെയുള്ളവർ രംഗത്തുവന്നു.

&&&&&&&&&&&&&&&&&&

ലഹരി വ്യാപനത്തിനെതിരെ

സംസ്ഥാനത്തെ ലഹരി വ്യാപനത്തിനെതിരെ നിർണായക തീരുമാനവുമായി കേരള സർവ്വകലാശാല.

സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ അഡ്മിഷൻ നേടണമെങ്കിൽ ലഹരി ഉപയോഗിക്കില്ലെന്ന സത്യവാങ്മൂലം വിദ്യാർത്ഥികൾ നൽകണമെന്നാണ് നിർദേശം. ഇന്ന് ചേർന്ന സർവ്വകലാശാലാ സെനറ്റ് യോഗത്തിലെ ബജറ്റ് അവതരണത്തിലാണ് പ്രഖ്യാപനം. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും സൗഹൃദ ക്ലബ്ബുകൾ സ്ഥാപിക്കുമെന്നും ലഹരിവിരുദ്ധ ക്യാമ്പസുകൾക്ക് അവാർഡ് നൽകുമെന്നും സർവ്വകലാശാല അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

**ഗവർണർ - സെനറ്റ് യോഗം**

ലഹരി വിരുദ്ധ പ്രസ്ഥാനത്തിൽ സമൂഹം പങ്കാളികളാകണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. നേതാക്കളെ രൂപപ്പെടുത്തിയെടുക്കാൻ ഉതകുന്ന വിദ്യാർത്ഥി-കേന്ദ്രീകൃത വിദ്യാഭ്യാസ സമ്പ്രദായമാണ് ആവശ്യമെന്നും തിരുവനന്തപുരത്ത് കേരള സർവകലാശാലയുടെ സെനറ്റ് യോഗത്തിൽ അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

RNU TVPM

**ഭരത് മുരളി നാടകോത്സവം (ഇൻട്രോ)**

കേരള സർവ്വകലാശാല സംഘടിപ്പിക്കുന്ന ഭരത് മുരളി നാടകോത്സവത്തിന്റെ രണ്ടാം പതിപ്പിന് ലോകനാടക ദിനമായ നാളെ തിരുവനന്തപുരത്ത് തിരശീല ഉയരും.

പാളയം സെനറ്റ് ഹാളിൽ മന്ത്രി കെ. എൻ. ബാലഗോപാൽ ഉദ്ഘാടനം നിർവഹിക്കും. നാടകോത്സവത്തിലേക്കുള്ള പ്രവേശനം സൗജന്യമാണ്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**

**(വോയിസ്)**

&&&&&&&&&&&&&&&&&&

**ലോക നാടകദിനം**

ലോക നാടകദിനത്തോടനുബന്ധിച്ച് പ്രൊഫ. എൻ കൃഷ്ണപിള്ള ഫൗണ്ടേഷൻറെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ആഘോഷപരിപാടി സംഘടിപ്പിക്കുന്നു. സാംസ്കാരികസമ്മേളനം, നാടക അവതരണം, നാടക പാരായണം എന്നിവയും നടക്കും.

&&&&&&&&&&&&&&&&&&

**ആശാ പ്രവർത്തകർ**

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ ഒരു വിഭാഗം ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന നിരാഹാര സമരം ഏഴാം ദിവസത്തിലേക്ക് കടന്നു. നിരാഹാരമിരുന്ന കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി എം എ ബിന്ദുവിനെ ആരോഗ്യനില മോശമായതിനെ തുടർന്ന് ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**എംവി ഗോവിന്ദൻ-**

കൊടകര കുഴൽപ്പണക്കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ബിജെപിയുടെ താത്പര്യം

സംരക്ഷിക്കുകയാണെന്ന് ആരോപിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ. വിഷയത്തിൽ ഈ മാസം 29ന് ഇഡിയുടെ കൊച്ചി ഓഫീസിലേക്ക് മാർച്ച് നടത്തുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ആശാവർക്കർമാരുടെ സമരത്തെ സർക്കാർ തള്ളിപ്പറയില്ലെന്നും, എന്നാൽ ഇടതുവിരുദ്ധശക്തികളാണ് സമരത്തിന് പിന്നിലെന്നും അദ്ദേഹം ആരോപണം ഉന്നയിച്ചു.

&&&&&&&&&&&&&&&&&&

**മെസ്സി**

RJU TVPM

ഫുട്ബോൾ ഇതിഹാസം മെസ്സി ഉൾപ്പെടുന്ന അർജൻറീന ടീം ഒക്ടോബറിൽ കേരളത്തിലെത്തും. സൗഹൃദ ഫുട്ബോൾ മത്സരങ്ങളിൽ ടീം പങ്കെടുക്കുമെന്ന് സ്പോൺസർമാരായ എച്ച്.എസ്.ബി.സി ഇന്ത്യ അറിയിച്ചു. കേരളത്തിലെ ഫുട്ബോൾ ആരാധകർ നിറഞ്ഞ ആവേശത്തോടെയാണ് അർജൻറീനയുടെ വരവിനായി കാത്തിരിക്കുന്നത്. ലോകകപ്പ് യോഗ്യത മത്സരത്തിൽ പങ്കെടുക്കുന്നതിനായി, 2011 ലാണ് മെസ്സി മുൻപ് ഇന്ത്യയിലെത്തിയത്.

&&&&&&&&&&&&&&&&&&

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ഗുവാഹട്ടി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&

ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 728 പോയിൻറ് നഷ്ടത്തിൽ 77,288 ലും, നിഫ്റ്റി 181 പോയിൻറ് ഇടിഞ്ഞ് 23,486-ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണ്ണവിലയിൽ വർദ്ധന. പവന് 80 രൂപ വർദ്ധിച്ച് 65,560 രൂപയും ഗ്രാമിന് 8,195 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&